Mathrubhumi 05-09-18, P-4

# വെള്ളപ്പൊക്കത്തിൽ നശിച്ചത് അറുപത് നഴ്സറി ഫാമുകൾ

## കോടികളുടെ നഷ്ടം

**മണ്ണുത്തി ▸** പ്രളയത്തിൽ മണ്ണുത്തി മേഖലയിൽ അറുപതു സ്വകാര്യ നഴ്സറി ഫാമുകൾ നശിച്ചു.

ഇത് കോടികളുടെ നഷ്ടം വരുത്തി. മാടക്കത്തറ, മണ്ണുത്തി,വെള്ളാനിക്കര, പാണഞ്ചേരി, പുത്തൂർ, നടത്തറ എന്നീ പ്രദേശങ്ങളിൽ വെള്ളപ്പൊക്കത്തിനു ശേഷം നഴ്സറികൾ പ്രവർത്തിക്കുന്നതിന് ചെടികളില്ലാത്ത അവസ്ഥയാണ്.

നടീൽവസ്തുക്കൾ, ഫലവൃക്ഷച്ചെടികൾ, വിത്തുകൾ എന്നിവയൊന്നുമില്ല. മറ്റു സ്ഥലങ്ങളിൽ നിന്നും വാങ്ങാൻ ഒരാളും വരുന്നില്ല. ഫലവൃക്ഷച്ചെടികളും പൂച്ചെടികളും പോളിഹൗസുകളിലെ മോട്ടോർ പമ്പുസെറ്റുകളും വളങ്ങളും നശിച്ചു. അഞ്ചുദിവസം വെള്ളത്തിൽക്കിടന്ന വിത്തുകൾ വെള്ളമിറങ്ങിയപ്പോൾ ഒലിച്ചുപോയി.

തെങ്ങിൻതൈകളും അലങ്കാരച്ചെടികളും നശിച്ചു. ബാക്കിയുള്ള ചെടികൾ വെയിൽ വന്നപ്പോൾ ഇലപഴുത്ത് നശിച്ചു. ഏവർഷോയ്ക്കുവേണ്ടി പാകിയിരുന്ന വിത്തുകളും കേടുവന്നു.

രണ്ടായിരത്തോളം തൊഴിലാളികളുടെ ജീവിതമാർഗ്ഗമായിരുന്നു ഫാമുകൾ.

വെള്ളമുയർന്നപ്പോൾ ഇവിടത്തെ ഫാമിലെ പണികൾ ഒരാഴ്ചയോളം മുടങ്ങി. പ്രളയത്തിനു ശേഷം ചെടികളും വിത്തുകളും നശിച്ചതിനാൽ വീണ്ടും ചെടിനഴ്സറി തുടരാൻ പലരും തയ്യാറായിട്ടില്ല.

പണിയില്ലാതെ നിരവധിപേരാണ് ബുദ്ധിമുട്ടുന്നത്. നഴ്സറികൾ വൃത്തിയാക്കുന്ന പണികൾ നടത്തുന്നുണ്ട്. കൃഷിഭവൻവഴി സഹായത്തിന് അപേക്ഷ കൊടുത്തുവെങ്കിലും നടപടിയൊന്നുമായിട്ടില്ല.

അറുപതു കർഷകർക്ക് നഴ്സറി ഫാമിൽ കോടിക്കണക്കിനു രൂപയുടെ നഷ്ടമുണ്ടായതായി അഗ്രിഹോർട്ടി നഴ്സറി അസോസിയേഷൻ പ്രസിഡൻറ് വി.ജി. ഉണ്ണികൃഷ്ണൻ, സെക്രട്ടി ജിമ്മി എന്നിവർ പറഞ്ഞു.



▸ മണ്ണുത്തിയിൽ വെള്ളം കയറി നശിച്ച നഴ്സറി ഫാം